"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ -ശ്രീമതി. സുകി. പി. രാജ് ഫയൽചെയ്ത റിട്ട് പെറ്റീഷൻ (സി) നമ്പർ. 3632/2020 - മേലുള്ള 10/2/2020 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1056/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 19/08/2020

---

പരാമർശം:- 1 സ.ഉ.(കൈ) നമ്പർ.366/2019/ഉ വി വ, തീയതി 5/11/2019

2 കൊല്ലം ശ്രീനാരായണ കോളേജ് പ്രിൻസിപ്പലിന്റെ 3/1/2020 ലെ കത്ത്

3 ശ്രീമതി. സുകി. പി. രാജിന്റെ 12/11/2019, 30/12/2019 എന്നീ തീയതികളിലെ അപേക്ഷ

4 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19/8/2019, 16/10/2019 എന്നീ തീയതികളിലെ ഡി4/19127/2019/കോ വി വ നമ്പർ കത്ത്

5 റിട്ട് പെറ്റീഷൻ (സി) നമ്പർ. 3632/2020 - മേലുള്ള 10/2/2020 തീയതിയിലെ വിധിന്യായം

6 കൊല്ലം ശ്രീനാരായണ കോളേജ് മാനേജരുടെ 23/1/2020, 27/5/2020എന്നീ തീയതികളിലെ നം.5/സി/4758നമ്പർ കത്തുകൾ

**ഉത്തരവ്**

കൊല്ലം ശ്രീനാരായണ കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അനുവദിച്ചിരുന്ന 11 തസ്തികകളിൽ രണ്ടെണ്ണം പരാമർശം (1) പ്രകാരം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിലേക്ക് മാറ്റി നൽകുകയുണ്ടായി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. സുകി. പി. രാജ് തന്റെ നിയമനം സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇതേ ആവശ്യമുന്നയിച്ച് ടിയാരി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ മേലുള്ള പരാമർശം (5) കോടതിവിധി പ്രകാരം പരാതിക്കരിയെ നേരിൽ കേട്ട് Ext. P4, P5 എന്നിവയിന്മേൽ തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. പരാമർശം (3) ലെ ശ്രീമതി സുകി. പി. രാജിന്റെ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി 25/1/2020 ൽ പരാതിക്കാരി, കൊല്ലം ശ്രീനാരായണ കോളേജ് മാനേജ്മെന്റ് പ്രതിനിധികൾ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥർ എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി.

2) പരാമർശം (1) പ്രകാരം കൊല്ലം ശ്രീനാരായണ കോളേജിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ അനുവദിച്ച തസ്തിക 20/8/2010 തീയതി പ്രാബല്യത്തിൽ പുനർനാമകരണം ചെയ്യപ്പെട്ടതായി കണക്കാക്കി അന്നേദിവസം പ്രാബല്യത്തിൽ ടിയാരിക്ക് സ്ഥിരനിയമനം അനുവദിക്കണമെന്നാണ് ശ്രീമതി. സുകി. പി. രാജ് ആവശ്യപ്പെട്ടത്. എന്നാൽ, ടി അദ്ധ്യാപിക കോളേജിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുണ്ടെങ്കിലും ടിയാരിക്ക് യാതൊരുവിധ നിയമന ഉത്തരവും നൽകിയിട്ടില്ലായെന്ന് കോളേജ് മാനേജ്മെന്റ് അറിയിക്കുകയുണ്ടായി. കൂടാതെ, ടിയാരിക്ക് അദ്ധ്യാപക നിയമനത്തിനായി യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യത ഇല്ല എന്നും മാനേജർ അറിയിക്കുകയുണ്ടായി. തനിക്ക് കൊല്ലം ശ്രീനാരായണ കോളേജിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ നിയമനം ലഭിച്ചത് സംബന്ധിച്ചുള്ള യാതൊരു രേഖകളും ഹാജരാക്കാൻ ശ്രീമതി സുകി. പി. രാജിന് സാധിച്ചിട്ടുമില്ല.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ശ്രീനാരായണ കോളേജിൽ 5/11/2019 തീയതിയിലാണ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ തസ്തിക നിലവിൽ വന്നതെന്നും, ടി കോളേജിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. സുകി. പി. രാജ് യൂണിവേഴ്സിറ്റി

സ്റ്റാറ്റ്യൂട്ട്, ഡയറക്റ്റ് പേയ്മെന്റ് എഗ്രിമെന്റ്, യു ജി സി ചട്ടങ്ങൾ പ്രകാരമുള്ള നിയമന പ്രക്രിയ വഴി നിയമനം ലഭിച്ച അദ്ധ്യാപിക അല്ലെന്നും, പരാതിക്കാരിക്ക് അധ്യാപക നിയമനത്തിനായി യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയില്ലെന്നും കൊല്ലം ശ്രീനാരായണ കോളേജ് മാനേജ്മെന്റും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ കൊല്ലം ശ്രീനാരായണ കോളേജിൽ താൽക്കാലിക അടിസ്ഥാനത്തിൽ തുടർന്നുവരുന്ന തനിക്ക് സ്ഥിരം നിയമനം നൽകണമെന്ന ശ്രീമതി. സുകി. പി. രാജിന്റെ ആവശ്യം അനുവദിക്കുവാൻ കഴിയാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് പരാമർശം (5) കോടതി വിധി നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരി കുമാർ ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2.അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

(ആമുഖ കത്ത് സഹിതം)
3.കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
4.മാനേജർ/ പ്രിൻസിപ്പൽ, ശ്രീ നാരായണ കോളേജ്, കൊല്ലം
5.ശ്രീമതി. സുകി. പി. രാജ്, സൗപർണിക,
RSNRA-29, റെയിൽവേ റണ്ണിംഗ് റൂമിന് സമീപം -691001
6.www.highereducation.kerala.gov.in
7.കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഡി1/301/2019/ഉവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ